# കേരള നിയമസഭ
# 21.06.2012 -ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**2012 ജൂൺ 21, വ്യാഴം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**
**(ആകെ ചോദ്യങ്ങൾ- 309)**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 2529 മുതൽ 2648 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 2649 മുതൽ 2723 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 2724 മുതൽ 2776 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 2777 മുതൽ 2837 വരെ |

## അനധികൃത സ്കൂളുകൾ

2529 ശ്രീ. വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്കൂളുകളെ നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ചെയ്യാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വിദ്യാർത്ഥികളുടെ തലയെണ്ണൽ സംവിധാനം**

2530 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. ഡി. സതീശൻ
,, ഷാഫി പറമ്പിൽ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ തലയെണ്ണി അദ്ധ്യാപക തസ്തിക നിർണ്ണയിക്കുന്ന സംവിധാനം ഉപേക്ഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനുപകരം തസ്തികകൾ നിർണ്ണയിക്കുന്നതിന് എന്തു സംവിധാനമാണ് നിലവിൽ വന്നത് ;വിശദാംശങ്ങൾ നൽകാമോ ; ഇതുകൊണ്ടുളള നേട്ടങ്ങൾ എന്തെല്ലാം ;

(സി) ഏത് അദ്ധ്യയന വർഷം മുതലാണ് പുതിയ സംവിധാനം ഏർപ്പെടുത്തുന്നത് ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സ്കൂൾ ബസ്സുകളിലെ തിരക്ക്</u>

2531 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ സ്കൂൾ ബസ്സുകളിലും മറ്റ് വാഹനങ്ങളിലും യാതൊരു നിയന്ത്രണവുമില്ലാതെ കുത്തിനിറച്ച് സ്കൂളിൽ എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു തടയാൻ എന്തൊക്കെ നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(സി) അപകടവും ദുരന്തവും ക്ഷണിച്ചു വരുത്തുന്ന ഈ പ്രവണതകൾക്കെതിരെ എന്ത് നടപടികളാണ് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

2532 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സേവ് എ ടീനേജർ പ്രോഗ്രാം</u>

2533 ശ്രീ. ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സേവ് എ ടീനേജർ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം സ്കൂളുകളിലാണ് ഇത് നടപ്പാക്കുന്നത്;

(ഡി) ആരുടെ അഭിമുഖ്യത്തിലാണ് ഈ പ്രോഗ്രാം നടത്തുന്നത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### സൗജന്യ യൂണിഫോം വിതരണം

2534 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. ശശി
,, കെ. അജിത്
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്റ്റാൻഡേർഡുകളിലെ കുട്ടികൾക്കാണ് സൗജന്യ യൂണിഫോം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ അദ്ധ്യയനവർഷത്തേയ്ക്ക് എത്ര കുട്ടികൾക്ക് യൂണിഫോം നൽകി, ഇനി എത്ര കുട്ടികൾക്ക് കൂടി നൽകാനുണ്ട്;

(സി) വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകം വിതരണം നടത്തിവന്ന പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ നിറുത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം</u>**

2535 **ശ്രീ. മോൻസ് ജോസഫ്**
**,, തോമസ് ഉണ്ണിയാടൻ**
**,, റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം പൂർണ്ണമായും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ വർഷത്തെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്;

(സി) ടീച്ചേഴ്സ് ബാങ്കിലെ അദ്ധ്യാപകർക്ക് സ്കൂൾ അലോട്ട് ചെയ്തു നൽകാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ഡി) വേനൽ അവധിക്കാലത്ത് നടപ്പിലാക്കി വന്നിരുന്ന അദ്ധ്യാപക പരിശീലന പരിപാടി ഈ വർഷം നടപ്പാക്കിയിട്ടുണ്ടോ; ഈ പരിശീലനം എന്നു നടത്തും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ക്ലസ്റ്റർ പദ്ധതി**

**2536** ശ്രീ. മുല്ലക്കര രത്നാകരൻ
'' കെ. രാജു
'' ഇ. കെ. വിജയൻ
'' ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ക്ലസ്റ്റർ പദ്ധതിയ്ക്ക് രൂപം നൽകി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ പദ്ധതി എപ്പോൾ മുതൽ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ക്ലസ്റ്റർ പദ്ധതികൊണ്ടുദ്ദേശിക്കുന്നത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളിൽ അധാർമ്മികത തടയുന്നതിനും എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പതിമൂന്നാം ധനകാര്യകമ്മീഷന്റെ ശുപാർശ**

2537 ശ്രീ. എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം പ്രാഥമിക വിദ്യാഭ്യാസ മേഖലയ്ക്ക് ലഭിക്കുന്ന ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദ വിവരം നൽകുമോ;

(സി) ഇതോടനുബന്ധിച്ച മാപ്പിംഗ് സ്റ്റഡിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ**

**2538** **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിവഴി കഴിഞ്ഞ സാമ്പത്തികവർഷം ഹയർ സെക്കന്ററി, സെക്കന്ററി, പ്രൈമറി തലങ്ങളിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികളെ വീതം സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഇതിലേക്ക് കഴിഞ്ഞ വർഷം ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

**2539** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി വഴി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഹയർ സെക്കന്ററി, സെക്കന്ററി, പ്രൈമറി തലങ്ങളിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികളെ വീതം ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഇതിലേയ്ക്ക് കഴിഞ്ഞ വർഷം ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരക്കുറവ്

2540 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരക്കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;

(ബി) അതിനായി 2012-13 വർഷത്തിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്;

(സി) വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; അതിനായി എത്ര തുക വകയിരുത്തിയിരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലുള്ളതാക്കി തീർക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>പത്താം ക്ലാസ്സ് കോഴ്സ് ജനകീയവൽക്കരിക്കാൻ നടപടി</u>**

2541 ശ്രീ. ജോസഫ് വാഴക്കൻ
'' വി.ഡി. സതീശൻ
'' ലൂഡി ലൂയിസ്
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാവരെയും പത്താം ക്ലാസ്സ് വിദ്യാഭ്യാസമുള്ളവരാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എല്ലാവരെയും പത്താം ക്ലാസ്സ് എഴുതാനും തയ്യാറാക്കുവാനും പത്താം ക്ലാസ്സ് കോഴ്സ് ജനകീയമാക്കാനും നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതിനുള്ള ഉദ്യമം എന്നു പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വി.എച്ച്.എസ്. സ്കൂളുകൾ നിർത്തലാക്കി ഹയർ സെക്കണ്ടറിയുടെ ഭാഗമാക്കാൻ നടപടി**

2542 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്. സ്കൂളുകൾ നിർത്തലാക്കി അവ ഹയർ സെക്കണ്ടറിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൃഷി, വ്യവസായം, എഞ്ചിനീയറിംഗ്, മെഡിക്കൽ തുടങ്ങി വിവിധ ശാഖകളിൽ വ്യത്യസ്ത തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നിർത്തലാക്കുമ്പോൾ ധാരാളം സ്കിൽഡ് ലേബേഴ്സിനെ ലഭിക്കുന്ന സ്ഥാപനങ്ങളാണ് ഇല്ലാതാകുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതിനാൽ ഇവ നിലനിർത്തി കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിന് ശ്രദ്ധിക്കുമോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സ്കൂള്‍ പരിസരത്തെ പുകയില വില്പന - നിയന്ത്രിക്കാന്‍ നടപടി**

T 2543 ശ്രീ. വി. പി. സജീന്ദ്രന്‍
,, ബെന്നി ബെഹനാന്‍
,, ഹൈബി ഈഡന്‍
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ പരിസരത്ത് പുകയില ഉല്പന്നങ്ങള്‍ വില്‍ക്കുന്നില്ലെന്ന് ഉറപ്പുവരുത്തുവാന്‍ നിരീക്ഷണ സമിതികള്‍ക്ക് രൂപം നല്‍കിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം തലങ്ങളിലാണ് പ്രസ്തുത സമിതികള്‍ രൂപവത്ക്കരിച്ചിട്ടുള്ളത് ;

(സി) സമിതിയുടെ ഘടനയും പ്രവര്‍ത്തനരീതിയും എന്തൊക്കെയാണ് ;

(ഡി) സമിതിയുടെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങള്‍ ഒരുക്കിയിട്ടുണ്ട് ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞ വർഷം**
**കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച തുക**

2544 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എ.എം. ആരിഫ്
,, പുരുഷൻ കടലുണ്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞ സാമ്പത്തിക വർഷം വിവിധയിനങ്ങളിലായി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുകയെത്രയാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിൽ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(സി) എത്ര ലക്ഷം രൂപയാണ് എസ്.എസ്.എ. ഫണ്ടിനത്തിൽ കഴിഞ്ഞ വർഷം അനുവദിച്ചത്; ഇതിൽ എന്ത് തുക ചെലവഴിച്ചു; ചെലവഴിക്കാൻ ബാക്കിയുണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സ്കൂൾ അഡ്മിഷൻ പ്രായത്തിൽ ഇളവ്</u>

2545 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസിൽ ചേരുന്നതിനുള്ള കുട്ടികളുടെ വയസ്സ് എത്രയാണെന്ന് അറിയിക്കുമോ;

(ബി) സ്കൂൾ പ്രവേശന സമയത്ത് സ്കൂൾ അഡ്മിഷൻ പ്രായത്തിൽ ഇളവ് നൽകിക്കൊണ്ട് ഉത്തരവ് ഇറക്കുന്ന സമ്പ്രദായം സംസ്ഥാനത്ത് നിലവിലുണ്ടോ;

(സി) എങ്കിൽ ഇപ്രാവശ്യം പ്രസ്തുത ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശ കൈമാറ്റം**

2546 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളുടെ ഉടമസ്ഥാവകാശം വ്യാപകമായി കൈമാറ്റം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**100% വിജയം നേടിയ സ്കൂളുകൾക്ക് പ്രോത്സാഹനമായി ഒരു പ്രത്യേകധനസഹായം നൽകുന്നതിന് പദ്ധതി**

**2547 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 അദ്ധ്യയനവർഷം സ്കൂൾ പഠനം നിർത്തി പോയ വിദ്യാർത്ഥികൾ ഉണ്ടോ ; വിദ്യാഭ്യാസജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ; അവരെ തുടർന്ന് പഠിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീക രിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ;

(ബി) എസ്.എസ്.എൽ.സി., +2 പരിക്ഷകളിൽ 100% വിജയം നേടിയ എത്ര സർക്കാർ സ്കൂളുകൾ ഉണ്ട് ; ഇത്തരം സ്കൂളുകൾക്ക് പ്രോത്സാഹനമായി സർക്കാർ ഒരു പ്രത്യേകധനസഹായം നൽകുന്നതിന് തയ്യാറാകുമോ ;

(സി) പൊതുവിദ്യാഭ്യാസവകുപ്പ് തയ്യാറാക്കിയ അദ്ധ്യാപക ബാങ്കിൽ എത്ര അദ്ധ്യാപകരുണ്ട് ; ഇവരിൽ എത്ര പേർക്ക് ശമ്പളം നൽകിയിട്ടുണ്ട് ; വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**അധികമായി അച്ചടിച്ച പാഠപുസ്തകങ്ങൾ**

2548 ശ്രീ. കെ.വി. വിജയദാസ്
'' ബി.ഡി. ദേവസ്സി
'' സി.കെ. സദാശിവൻ
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പാഠപുസ്തക അച്ചടിയിൽ എത്ര ശതമാനമാണ് അധികമായി കരുതുന്നത്;

(ബി) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ഇത്തരത്തിൽ എത്ര ശതമാനമാണ് സൂക്ഷിച്ചിരുന്നത്;

(സി) ഇത് അനുവദനീയമായതിനേക്കാൾ അധികമായിരുന്നുവോ; ഇത് ഖജനാവിന് എന്തു മാത്രം അധിക ബാധ്യത വരുത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരത്തിൽ അധികമായി സംസ്ഥാനത്താകമാനം സൂക്ഷിച്ചിരിക്കുന്ന ഇത്തരം പുസ്തകങ്ങൾ ഉചിതമായ രീതിയിൽ വിറ്റ് സർക്കാരിന് മുതൽ കൂട്ടാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**2011-2012 അദ്ധ്യയന വർഷം അധിക സ്കൂൾ പുസ്തകം അച്ചടിച്ച വകയിൽ അധികചെലവ്**

**2549 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-2012 അദ്ധ്യയന വർഷം അധിക സ്കൂൾ പുസ്തകം അച്ചടിച്ച വകയിൽ ഖജനാവിന് എത്ര തുകയുടെ അധികചെലവ് വന്നു;

(ബി) 2011-2012ൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകൾക്ക് എത്ര ലക്ഷം പുസ്തകങ്ങളാണ് അധികമായി അച്ചടിച്ചത് ;

(സി) കഴിഞ്ഞ വർഷം രണ്ടാംഘട്ട പുസ്തക വിതരണം കഴിഞ്ഞപ്പോൾ എത്ര ലക്ഷം പുസ്തകങ്ങൾ അധികമായി കെ. ബി. പി. എസ്സിലുണ്ടായിരുന്നു;

(ഡി) പത്താം തരത്തിൽ മാത്രം കഴിഞ്ഞ വർഷം എത്ര ലക്ഷം പുസ്തകങ്ങൾ അധികമായി വന്നിട്ടുണ്ട് ;

(ഇ) ഇപ്പോൾ പാഠപുസ്തക വിതരണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നത് ;

(എഫ്) സൗജന്യ പാഠപുസ്തകം നൽകിയ വകയിൽ 2012-2013 അദ്ധ്യയന വർഷം എത്ര തുക വിദ്യാഭ്യാസ വകുപ്പ് ചെലവഴിച്ചു ;

(ജി) സംസ്ഥാന ബഡ്ജറ്റിലെ എത്ര ശതമാനം തുക 2012 -2013ൽ വിദ്യാഭ്യാസ വകുപ്പിനായി മാത്രം മാറ്റി വച്ചിട്ടുണ്ട്; പ്രസ്തുത തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടോയെന്ന് വിലയിരുത്താൻ എന്തൊക്കെ നടപടികൾ വകുപ്പ് സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**സൗജന്യ യൂണിഫോം**

**2550 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഏത് ഫണ്ടുപയോഗപ്പെടുത്തിയാണ് യൂണിഫോം പദ്ധതി നടപ്പിലാക്കുന്നത്;

(ഇ) പാഠപുസ്തകവിതരണം ഏത് ഫണ്ടുപയോഗിച്ചാണ് നടത്തുന്നതെന്നും എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും നൽകുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>സൗജന്യ പാഠപുസ്തക വിതരണം</u>**

2551 **ശ്രീ. സി. പി. മുഹമ്മദ്**
**,, പി. എ. മാധവന്‍**
**,, ഹൈബി ഈഡന്‍**
**,, കെ. അച്ചുതന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാനത്തെ വിദ്യാര്‍ത്ഥികള്‍ക്ക് പാഠപുസ്തകം സൗജന്യമായി നല്‍കാന്‍ പദ്ധതിയിട്ടിട്ടുണ്ടോ;**

(ബി) **ഏതെല്ലാം ക്ലാസ്സിലെ കുട്ടികള്‍ക്കാണ് ഇത് നല്‍കുന്നത്;**

(സി) **ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

## സൗജന്യ പാഠപുസ്തക വിതരണം

2552 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂളുകളിൽ സൗജന്യ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത് ഏതെല്ലാം ക്ലാസ്സിലെ കുട്ടികൾക്കാണ്; വിശദാംശം നൽകുമോ;

(ബി) സൗജന്യ യൂണിഫോം വിതരണം നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട് ; വിശദാംശം നൽകുമോ; പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം**

**2553** **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഏതെല്ലാം സ്കൂൾ കുട്ടികൾക്കാണ് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

<u>**സ്മാര്‍ട്ട് ക്ലാസ് റൂം**</u>

**2554**

**ശ്രീ. ആര്‍. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മാവേലിക്കര മണ്ഡലത്തില്‍ സര്‍ക്കാര്‍ സ്കൂളുകളില്‍ ഈ അധ്യായന വര്‍ഷം പ്രവേശനം നേടിയ വിദ്യാര്‍ത്ഥികളെത്ര; സ്കൂള്‍ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ എത്ര വിദ്യാര്‍ത്ഥികള്‍ക്ക് സര്‍ക്കാര്‍ ഈ വര്‍ഷം സൗജന്യമായി യൂണിഫോം വിതരണം ചെയ്തു; സ്കൂള്‍ തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(എഫ്) മാവേലിക്കര മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളില്‍ സ്മാര്‍ട്ട് ക്ലാസ്സ് റൂം പദ്ധതി ആരംഭിക്കുവാന്‍ സര്‍ക്കാര്‍ ആലോചിക്കുന്നു; ആരംഭിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സൗജന്യ പാഠപുസ്തക - യൂണിഫോം പദ്ധതി**

2555 **ശ്രീ. എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകത്തോടൊപ്പം, സൗജന്യമായി യൂണിഫോമും വിതരണം ചെയ്യുന്ന പദ്ധതിയുടെ പ്രയോജനം എത്ര കുട്ടികൾക്കാണ് ലഭിക്കുന്നത്;

(ബി) സർക്കാർ സ്കൂളിലെ കുട്ടികൾക്ക് മാത്രമാണോ അതോ എയ്ഡഡ് സ്കൂളിലെ കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുമോ;

(സി) ഇത് അദ്ധ്യയനവർഷത്തിന്റെ ആദ്യ ആഴ്ചകളിൽ തന്നെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

**2556 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; ഈ പദ്ധതിക്ക് കേന്ദ്രസർക്കാർ മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രമാനദണ്ഡം അനുസരിച്ച് ഏതുക്ലാസ്സ് മുതൽ ഏതുക്ലാസ്സ് വരെയുള്ള കുട്ടികളെ ഉച്ചഭക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) ഇപ്പോൾ പത്താം ക്ലാസ്സുവരെയുള്ള കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കേന്ദ്ര മാനദണ്ഡം അനുസരിച്ചാണോ, അല്ലെങ്കിൽ പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം അനുവദിച്ചത് സംസ്ഥാന സർക്കാർ നയത്തിന്റെ ഭാഗമാണോ;

(ഡി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡത്തിൽ സ്റ്റേറ്റ് നോംസ് പറയുന്നുണ്ടോ; എങ്കിൽ ആ സ്റ്റേറ്റ് നോംസിന്റെ അടിസ്ഥാനത്തിൽ പാചകത്തൊഴിലാളികളുടെ പ്രശ്നത്തിൽ അവകാശങ്ങൾ നിരാകരിക്കുന്നത് എന്തടിസ്ഥാനത്തിലാണ്;

(ഇ) ഹൈക്കോടതിയിൽ പാചകത്തൊഴിലാളികളുടെ പ്രശ്നത്തിൽ പരിഹാരത്തിനായി ആരെല്ലാം കേസ് കൊടുത്തിട്ടുണ്ടായിരുന്നു; ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻസർക്കാർ എന്തുനിലപാട് സ്വീകരിച്ചു; മുൻസർക്കാർ കേന്ദ്ര മാനദണ്ഡത്തിന്റെ പേരിൽ എന്തെല്ലാം അവകാശങ്ങൾ നിരാകരിച്ചു; അവ വീണ്ടും പുന:പരിശോധിച്ച് നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി</u>

**2557** **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ എത്ര ഗ്ലാസ്സ് പാൽ എത്ര പ്രാവശ്യം നൽകുന്നുണ്ട്;

(ബി) പാലിനു പുറമെ മറ്റു പോഷകാഹാരങ്ങൾ നൽകുന്നുണ്ടോ;

(സി) ഇതിന് ആവശ്യമായി വരുന്ന വാർഷിക ചെലവ് എത്രയാണ്;

(ഡി) ഈ അദ്ധ്യയന വർഷം കുട്ടികൾക്ക് പാൽവിതരണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) സ്കൂൾ കുട്ടികൾക്ക് നൽകാനായി പാൽ വാങ്ങിയ ഇനത്തിൽ മിൽമയ്ക്ക് കുടിശ്ശിക ബാക്കിയുണ്ടോ; ഏത് വർഷത്തെ എത്ര തുകയാണ് കൊടുക്കാൻ ബാക്കിയുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സ്കൂളുകളിൽ രഹസ്യ നിരീക്ഷണ സംവിധാനങ്ങൾ**

2558 ശ്രീ. വി.എസ്. സുനിൽകുമാർ
'' ജി.എസ്. ജയലാൽ
'' ചിറ്റയം ഗോപകുമാർ
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചില സ്കൂളുകളിൽ രഹസ്യ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബങ്ങളിലേതിന് സമാനമായ സുരക്ഷിതത്വ ബോധം വിദ്യാലയങ്ങളിൽ സൃഷ്ടിക്കപ്പെടുന്നതിന് പകരം കുട്ടികളുടെ മാനസിക, വ്യക്തിത്വ, പഠന വികസനങ്ങളെ ഇത്തരം സംവിധാനങ്ങൾ കാര്യമായി ബാധിക്കുമെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ ഇതിനെ സംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**അൺ എയിഡഡ് വിദ്യാലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഒളികൃാമറ**

**2559** **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചില അൺ എയിഡഡ് വിദ്യാലയങ്ങളിൽ സ്ഥാപനത്തിന്റെ അച്ചടക്കം നിലനിർത്താൻ എന്ന പേരിൽ ക്ലാസ്സുമുറികളിലും സ്കൂളിലെ മറ്റ് ഒട്ടേറെയിടങ്ങളിലും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും നിരീക്ഷിക്കുന്നതിനായി അവരുടെ അറിവോടെയും അല്ലാതെയും സ്ഥാപിച്ചിട്ടുള്ള ഒളികൃാമറകളും മറ്റ് നിരീക്ഷണ സംവിധാനങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കാര്യങ്ങൾ വിദ്യാർത്ഥികളിൽ ഉണ്ടാക്കുന്ന മാനസിക പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) അച്ചടക്കത്തിന്റെ പേരിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സ്വകാര്യതകളിലേയ്ക്ക് ഇത്തരം നടപടികൾ എടുത്തവർക്കെതിരെ ശകതമായ നിയമ നടപടികൾ കൈക്കൊള്ളാനും ഇത്തരം സ്ഥാപനങ്ങളുടെ അംഗീകാരം പുന:പരിശോധിക്കുവാനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**എയ്ഡഡ് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനു കേന്ദ്രസഹായം**

**2560 ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു നൽകിയിരുന്ന കേന്ദ്രസഹായം എയ്ഡഡ് സ്കൂളുകളിലേക്കു കൂടി വ്യാപിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തിനു ലഭിക്കുന്ന സഹായം എത്ര കോടി രൂപയാണ്; അതിൽ എത്ര തുകയാണ് എയ്ഡഡ് സ്കൂളുകൾക്ക് ലഭിക്കുക;

(സി) സംസ്ഥാനത്ത് ആകെയുള്ള സ്കൂൾ വിദ്യാർത്ഥികൾ എത്രയാണ്; ഇതിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>അണ്‍എയ്ഡഡ് സ്കൂളുകള്‍ക്ക് അംഗീകാരം</u>**

2561 **ശ്രീ. പി. ശ്രീരാമകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാനി സബ്ജില്ലയില്‍ 2010-11, 2011-12 വര്‍ഷങ്ങളില്‍ എത്ര അണ്‍എയ്ഡഡ് സ്കൂളുകള്‍ക്ക് അംഗീകാരം നല്‍കിയിട്ടുണ്ട്; പേരുസഹിതം വിശദമാക്കുമോ; ഇതിനെതിരെ കേസുകള്‍ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) പൊന്നാനി മണ്ഡലത്തില്‍ പുതിയതായി അണ്‍എയിഡഡ് സ്കൂളുകള്‍ അംഗീകാരത്തിനായി അപേക്ഷ സമര്‍പ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ പേരുവിവരം വിശദമാക്കുമോ;

(സി) പുതിയ അണ്‍എയിഡഡ് സ്ഥാപനങ്ങള്‍ക്ക് അനുമതി നല്‍കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>അനധികൃത സ്കൂളുകൾക്കെതിരെ ക്രിമിനൽ നടപടി</u>**

**2562 ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അനംഗീകൃത സ്കൂളുകൾ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) അനംഗീകൃത സ്കൂൾ നടത്തിപ്പ് വഞ്ചനകുറ്റമായി കണ്ട് നടത്തിപ്പുകാർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാവുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**അനധികൃത അണ്‍എയ്ഡഡ് സ്കൂളുകളുടെ പ്രവര്‍ത്തനം**

2563

**ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന അനംഗീകൃത അണ്‍ എയ്ഡഡ് സ്കൂളുകളുടെ പ്രവര്‍ത്തനം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങളും മാര്‍ഗ്ഗ നിര്‍ദ്ദേശങ്ങളും ഏര്‍പ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിര്‍ദ്ദേശിക്കുവാന്‍ ഉദ്ദേശിക്കുന്നത് ;

(സി) സി. ബി. എസ്. ഇ. സ്കൂളുകള്‍ക്കായി കൊണ്ടുവന്ന പുതിയ നിബന്ധനകള്‍ നിലവിലുള്ള സ്കൂളുകള്‍ക്കും ബാധകമാണോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>അൺ എയിഡഡ് സ്കൂളുകൾ</u>

2564 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അൺ എയിഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) എല്ലാ അൺ എയിഡഡ് സ്കൂളുകളിലും ആയി എത്ര അദ്ധ്യാപകരുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഈ അദ്ധ്യാപകർക്ക് സേവന വേതന വ്യവസ്ഥ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) അൺ എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് മതിയായ ശമ്പളം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിലെ ശതാബ്ദി പിന്നിട്ട സർക്കാർ വിദ്യാലയങ്ങൾ**

**2565**

**ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിദ്യാഭ്യാസ ജില്ലയിൽ ശതാബ്ദി പിന്നിട്ട സർക്കാർ പ്രൈമറി, അപ്പർ പ്രൈമറി , ഹൈ സ്കൂൾ , ഹയർ സെക്കണ്ടറി വിദ്യാലയങ്ങൾ ഏതെല്ലാമെന്ന് വിദ്യാഭ്യാസ ഉപജില്ല തിരിച്ച് വ്യക്തമാക്കാമോ; ലിസ്റ്റ് നൽകാമോ;

(ബി) ഇതിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത് ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ശതാബ്ദി പിന്നിട്ട സ്കൂളുകൾക്ക് സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയര്‍ത്തല്‍**

**2566** **ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയര്‍ത്തുന്നതിനും, കുട്ടികള്‍ കൊഴിഞ്ഞുപോകുന്നത് അവസാനിപ്പിക്കാനും സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ് ;

(ബി) ഐ.ടി. അറ്റ് സ്കൂള്‍ പദ്ധതി വിപുലപ്പെടുത്തി കൂടുതല്‍ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കില്‍ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

## സ്കൂളുകളിൽ ഐ.ടി. പഠനം

2567 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഐ.ടി. പഠനം സുഗമമാക്കുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് എൽ.പി. തലം മുതൽ സർക്കാർ ഏർപ്പെടുത്തിയിട്ടുളളതെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ സ്കൂളുകൾക്ക് കംപ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ എന്നിവയും ലാപ്ടോപ്പും അടങ്ങുന്ന മൾട്ടിമീഡിയ സംവിധാനങ്ങൾ നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**അയ്യൻകാളിസ്മാരക സ്കൂളിന്റെ വികസനപദ്ധതിക്ക് ഭൂമി**

**2568** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെങ്ങാനൂർ അയ്യൻകാളിസ്മാരക സ്കൂളിന്റെ വികസനപദ്ധതിക്കായി ട്രസ്റ്റിന് എത്ര ലക്ഷം രൂപയുടെ സഹായമാണ് ആവശ്യപ്പെട്ടത് ;

(ബി) എന്തെല്ലാം വികസനപ്രവർത്തനങ്ങൾ ലക്ഷ്യമിട്ടാണ് തുക ആവശ്യപ്പെട്ടത് ;

(സി) എത്ര ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചത് ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് തുക അനുവദിച്ചത് ; ഇതിൽ എത്ര ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ**

2569 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം രണ്ടാം ഘട്ടമായി കേന്ദ്ര സർക്കാർ അനുമതി നൽകിയ ഹൈസ്കൂളുകൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) മുകളിൽ പറഞ്ഞതിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### എസ്. എസ്. എൽ. സി. ബുക്കിലെ തെറ്റ് തിരുത്തൽ

2570

**ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ബുക്കിലെ തെറ്റുകൾ തിരുത്തുന്നതിന് നിലവിലുളള നടപടിക്രമം വ്യക്തമാക്കുമോ?

(ബി) അപേക്ഷ നൽകി എത്ര ദിവസത്തിനകം തെറ്റ് തിരുത്തി നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പി. റ്റി. എ. കളെ നിയന്ത്രിക്കാൻ നടപടി</u>

2571 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പല സർക്കാർ സ്കൂളുകളിലെയും പി. റ്റി. എ. കൾ വൻ തുക വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം</u>

2572 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ തലത്തിൽ ഇപ്പോൾ നിലവിലുണ്ടോ;

(ബി) കായിക പരിശീലനം നിർബന്ധമാക്കുന്നതുപോലെ നീന്തൽ പരിശീലനവും നിർബന്ധമായി സ്കൂൾ പാഠ്യ ക്രമത്തിന്റെ ഭാഗമാക്കുകയും, ഇതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ ബി. ആർ. സി. കൾ മുഖേന പദ്ധതി തയ്യാറാക്കുകയും ചെയ്താൽ സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ സ്വായത്തമാക്കാൻ സാധിക്കുന്നതിനാൽ ഇതിനായി ഒരു പ്രോജക്ട് നടപ്പാക്കാനായി എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ക്ലാസ് മുറികളുടെ നവീകരണം**

2573 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളിലെ ക്ലാസ് റൂമുകൾ പരിഷ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സർക്കാർ എയിഡഡ് സ്കൂളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേകിച്ച് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) മലയാളം മീഡീയം സ്കൂളുകളിൽ പ്രത്യേക ഇംഗ്ലീഷ് പഠനത്തിനുള സൗകര്യം ഏർപ്പെടുത്തുമോ ;
വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### <u>പുതിയ വിദ്യാഭ്യാസ ജില്ലകൾ</u>

**2574** **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;**

(ബി) **ഉണ്ടെങ്കിൽ ഏതെല്ലാം പുതിയ വിദ്യാഭ്യാസ ജില്ലകളാണ് രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(സി) **ഇല്ലെങ്കിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള മലപ്പുറം ജില്ലയിലെങ്കിലും 2 പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?**

**കേരള നിയമസഭ**

**21.06.2012 -ലെ മറുപടിക്ക്**

**<u>പുതിയ വിദ്യാഭ്യാസ ജില്ലകളും ഉപജില്ലകളും രൂപീകരിക്കാൻ നടപടി</u>**

**2575 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വിദ്യാഭ്യാസ ജില്ലകളും ഉപജില്ലകളും രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ ജില്ലകളിലെയും ഉപജില്ലകളിലെയും സ്കൂളിന്റെ എണ്ണക്കൂടുതൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് ജില്ലകളിലെ എണ്ണവുമായി ജില്ലയിലെ ഉപജില്ലകളിലെ സ്കൂളുകളിലെ എണ്ണം താരതമ്യപ്പെടുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ല</u>**

**2576**

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിദ്യാഭ്യാസ ജില്ലയിൽ എത്ര സബ് ജില്ലകൾ, എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

(ബി) വിദ്യാഭ്യാസ ജില്ലാ കേന്ദ്രത്തിലേയ്ക്ക് 100 കി. മീറ്റർ വരെ അകലെ കിടക്കുന്ന വിദ്യാലയങ്ങൾക്കും എ. ഇ. ഒയ്ക്കും കേന്ദ്രത്തിൽ ബന്ധപ്പെടാനുളള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കണ്ണൂർ വിദ്യാഭ്യാസ ജില്ല വിഭജിച്ച് തളിപ്പറമ്പ് കേന്ദ്രമായി വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

**2577 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ വി.എച്ച്.എസ്.സി. ഇല്ലാത്തതുമൂലം തീരദേശ മേഖലയിലെ കുട്ടികൾക്ക് സാങ്കേതിക വിദ്യാഭ്യാസം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരപ്രദേശത്തെ ദരിദ്രരായ കുട്ടികൾക്ക് പ്രയോജനകരമാവും തരത്തിൽ പുതിയ വി.എച്ച്.എസ്.സി. സ്കൂൾ പാലപ്പെട്ടി, വെളിയങ്കോട് പ്രദേശങ്ങളിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അടുത്ത അദ്ധ്യയനവർഷം ആരംഭിക്കാനാകുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ചാലക്കുടി ഐ. ആർ. എം. എൽ. പി. സ്കൂൾ**

2578 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടി ഐ. ആർ. എം. എൽ. പി. സ്കൂൾ, ചാലക്കുടി മുനിസിപ്പാലിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച അപേക്ഷ പരിഗണനയിലുണ്ടോ; എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**21.06.2012 -ലെ മറുപടിക്ക്**

**<u>മദ്രസ നവീകരണ പദ്ധതി</u>**

2579 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന മദ്രസ നവീകരണ പദ്ധതിയുടെ ഭാഗമായി മദ്രസകൾക്കനുവദിച്ച ഗ്രാന്റിന്റെ 2010-2011 അദ്ധ്യയന വർഷത്തിലെ രണ്ടാം ഗഡു ഇതുവരെ വിതരണം ചെയ്തിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിതരണം ചെയ്യാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം 2011-2012 അദ്ധ്യായന വർഷത്തിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ ; എങ്കിൽ അതു പ്രകാരം ലഭിച്ച അപേക്ഷകളിൽ ഗ്രാന്റ് അനുവദിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) 2012-2013 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള അപേക്ഷകൾക്കുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഡി) കുടിശ്ശികയായിട്ടുള്ള ഗ്രാന്റ് ഗഡുക്കൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) മുൻ സർക്കാരിന്റെ ഭരണ കാലത്ത് എല്ലാ വർഷവും ഈ പദ്ധതി പ്രകാരമുള്ള ഗ്രാന്റ് വിതരണം ചെയ്തിരുന്നോ ; എങ്കിൽ ഓരോ വർഷവും എത്ര തുക വീതം വിതരണം ചെയ്തിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>സി. ബി. എസ്. ഇ. കുട്ടികളുടെ സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്തൽ</u>**

2580 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ സി. ബി. എസ്. ഇ സിലബസ് പഠിക്കുന്ന കുട്ടികളുടെ സർട്ടിഫിക്കറ്റിൽ തെറ്റുകൾ വന്നാൽ അത് തിരുത്തികിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;**

(ബി) **കേരളത്തിൽ ഇതിനുള്ള സംവിധാനം ഉണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഒന്നാം ക്ലാസ്സ് പ്രവേശനം**

**2581 ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ കുട്ടികളെ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുന്ന സർക്കാർ സ്കൂളുകൾക്ക് പ്രത്യേക പ്രോത്സാഹന ഗ്രാന്റ് നൽകി വരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ</u>**

2582 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒട്ടുമിക്ക സ്കൂളുകളിലും ശുചിത്വവും സൗകര്യവുമുള്ള മൂത്രപ്പുരകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്ത സ്കൂൾ അധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### സര്‍ക്കാര്‍ സ്കൂളുകളില്‍ കുട്ടികളുടെ കുറവ്

2583 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍ സ്കൂളുകളില്‍ എത്ര ശതമാനം കുട്ടികള്‍ കഴിഞ്ഞ അദ്ധ്യയന വര്‍ഷത്തെ അപേക്ഷിച്ച് കുറഞ്ഞുവെന്നും ആയത് എത്രയെണ്ണമെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം കുട്ടികളുടെ കുറവ് വരാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളിലും ഇത്തരത്തില്‍ ഓരോ വര്‍ഷം കഴിയുന്തോറും കുറവ് വരികയാണോ ;

(ഡി) സര്‍ക്കാര്‍ സ്കൂളുകളില്‍ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ മക്കളെ സര്‍ക്കാര്‍ സ്കൂളുകളില്‍ പഠിപ്പിക്കാതെ അണ്‍ എയ്ഡഡ്, എയ്ഡഡ് സ്കൂളുകളില്‍ പഠിപ്പിക്കുന്ന പ്രവണത ഇപ്പോള്‍ വര്‍ദ്ധിച്ചുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കില്‍ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) അടിസ്ഥാനസൗകര്യങ്ങളിലെ പോരായ്മയല്ലേ ഇത്തരം സര്‍ക്കാര്‍ സ്കൂളുകളില്‍ ഓരോ വര്‍ഷം കഴിയുന്തോറും കുട്ടികള്‍ കുറയാന്‍ കാരണം ;

(എഫ്) സംസ്ഥാനത്തെ സര്‍ക്കാര്‍ സ്കൂളുകളില്‍ എത്ര ശതമാനം സ്കൂളുകളില്‍ മൂത്രപ്പുര ഇല്ല; എത്ര ശതമാനം സ്കൂളുകളില്‍ കുടിവെള്ളമില്ല; എത്ര ശതമാനം സ്കൂളുകളില്‍ പാചക പുരയില്ല; എത്ര ശതമാനം സ്കൂളുകള്‍ വാടക കെട്ടിടത്തില്‍ പ്രവര്‍ത്തിക്കുന്നു; എത്ര ശതമാനം സ്കൂളുകളില്‍ വൈദ്യുതി ഇല്ല ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>പ്രീപ്രൈമറിയിൽ പുതിയ പാഠ്യപദ്ധതി</u>**

2584 **ശ്രീ. വി. ഡി. സതീശൻ**
**,, റ്റി. എൻ. പ്രതാപൻ**
**,, അൻവർ സാദത്ത്**
**,, ഡൊമിനിക് പ്രസന്റേഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രീപ്രൈമറിയിൽ പുതിയ പാഠ്യപദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഇതിനായി പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതു നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

## സ്കൂൾ പ്രവൃത്തി ദിനം

2585 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പ്രവൃത്തിദിനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഐ. ഇ. ഡി. സി. റിസോഴ്സ് ടീച്ചർമാരുടെ സേവന-വേതന വ്യവസ്ഥകൾ**

**2586**

**ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാന്റെ ബി. ആർ. സി. സെന്ററിന്റെ കീഴിൽ ജോലി ചെയ്യുന്ന ഐ. ഇ. ഡി. സി. റീസോർഴ്സ് ടീച്ചർമാരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ഐ. ഇ. ഡി. സി. ടീച്ചർമാരെ പഞ്ചായത്ത് തലത്തിലോ സി. ആർ. ഡി (കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ) തലത്തിലോ നിയമിക്കുന്നതിന് പദ്ധതിയുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**അദ്ധ്യാപക പാക്കേജ്**

2587 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**
**,, ലൂഡി ലൂയിസ്**
**,, ഷാഫി പറമ്പിൽ**
**,, എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അദ്ധ്യാപക പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ ഇതുവരെ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;**

(ബി) **ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ടോ ;**

(സി) **എത്ര അദ്ധ്യാപകർക്കാണ് ഇതിന്റെ നേട്ടം ലഭിക്കുന്നത് ;**

(ഡി) **പ്രസ്തുത പാക്കേജിലുള്ള കാര്യങ്ങൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ?**

# കേരള നിയമസഭ
# 21.06.2012 -ലെ മറുപടിക്ക്

**<u>അദ്ധ്യാപക പാക്കേജ്</u>**

**2588 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രഖ്യാപിക്കപ്പെട്ട അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിത്തുടങ്ങിയോ;

(ബി) ഇതിൻ പ്രകാരം എത്ര സംരക്ഷിത അദ്ധ്യാപകർ പേരന്റ് സ്കൂളുകളിലേക്ക് മടങ്ങിപ്പോയിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം</u>

2589 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏത് നിലയിലുള്ള മാറ്റങ്ങളാണ് വരുത്തുന്നതെന്ന് വിശദമാക്കാമോ ;

(ഡി) രണ്ടാം ഡിവിഷൻ കാര്യത്തിൽ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് യു.ഐ.ഡി. പ്രകാരമുള്ള റേഷ്യോ വെരിഫിക്കേഷൻ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>അദ്ധ്യാപക തസ്തിക നിര്‍ണ്ണയിക്കുന്നതിന് നടപടി</u>

2590 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പുതിയ അദ്ധ്യയന വര്‍ഷത്തില്‍ അദ്ധ്യാപക തസ്തിക നിര്‍ണ്ണയിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാര്‍ത്ഥി - അദ്ധ്യാപക അനുപാതം കണക്കാക്കാന്‍ കുട്ടികളുടെ തലയെണ്ണുന്ന ഏകദിന വെരിഫിക്കേഷന്‍ നടപ്പിലാക്കാന്‍ ആഗ്രഹിക്കുന്നുണ്ടോ;

(സി) 1:30, 1:35 എന്ന അനുപാതത്തില്‍ കുട്ടികളുടെ എണ്ണം കണക്കാക്കി തസ്തികകള്‍ അനുവദിക്കുന്ന നടപടി ഈ വര്‍ഷം തന്നെ നിലവില്‍ വരുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമം ഈ വര്‍ഷം പ്രാബല്യത്തില്‍ വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഈ നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ നിയമം നടപ്പാക്കുമ്പോള്‍ ആവശ്യം വരുന്ന ഭൗതികസാഹചര്യങ്ങള്‍ ഒരുക്കുന്നതിന് കേന്ദ്ര സര്‍ക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സര്‍ക്കാര്‍ എല്‍. പി. സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം**

2591 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ 150ന് മുകളില്‍ വിദ്യാര്‍ത്ഥികള്‍ പഠിക്കുന്ന സര്‍ക്കാര്‍ എല്‍.പി. സ്കൂളുകള്‍ ഏതൊക്കെയാണ് ; ഇവയില്‍ ഓരോന്നിലും എത്ര വീതം അദ്ധ്യാപകര്‍ക്ക് സ്ഥിര നിയമനം നല്‍കിയിട്ടുണ്ട് ;

(ബി) 2011-2012 അദ്ധ്യയന വര്‍ഷത്തില്‍ കോഴിക്കോട് ജില്ലയില്‍ എല്‍.പി.എസ്.എ. (മലയാളം) അദ്ധ്യാപകരുടെ തസ്തിക നിര്‍ണ്ണയം നടന്നിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇവരില്‍ എത്ര പേര്‍ 2011-2012 വര്‍ഷം റിട്ടയര്‍ ചെയ്യുന്നവരായിട്ടുണ്ട് ;

(സി) ഈ പ്രതീക്ഷിത ഒഴിവുകള്‍ പി.എസ്.സി.യ്ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കില്‍ എപ്പോള്‍ റിപ്പോര്‍ട്ട് ചെയ്യുമെന്ന് പ്രസ്താവിക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സ്കൂൾ അദ്ധ്യാപകർ**

**2592 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ തലത്തിൽ പഠിപ്പിക്കുന്നതിന് എത്ര അദ്ധ്യാപകരാണ് ഉള്ളത്;

(ബി) ഇതിൽ വനിതാദ്ധ്യാപകരുടേയും പുരുഷ അദ്ധ്യാപകരുടേയും കണക്കുകൾ വ്യക്തമാക്കുമോ:

(സി) ഇതുമായി ബന്ധപ്പെട്ട് പ്രൈമറി, ഹൈസ്കൂൾ എന്നിവയുടെ പ്രത്യേകം കണക്കുകൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.എ ഒഴിവുകൾ**

**2593** **ശ്രീ. എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.എ സോഷ്യൽ സയൻസ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് താത്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**എയ്ഡഡ് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ**

2594 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ വിജ്ഞാപനം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം;

(സി) അദ്ധ്യാപകരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>എച്ച്.എസ്.എ ഒഴിവുകൾ</u>

2595 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ (മാത്തമാറ്റിക്സ്) യുടെ ഒഴിവുകൾ എത്ര ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു; ഒഴിവുകൾ റിപ്പോർട്ട് ചെയ്ത പ്രകാരം ഇനി എത്ര പേരെ നിയമിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എച്ച്.എസ്.എ (മാത്തമാറ്റിക്സ്) ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### ഹെഡ്മാസ്റ്റർമാർക്ക് അഭിരുചി പരീക്ഷ

2596

**ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹെഡ് മാസ്റ്റർമാരുടെ പ്രൊമോഷന് അഭിരുചി പരീക്ഷ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) നിശ്ചിത യോഗ്യതയില്ലാത്ത ഭാഷാദ്ധ്യാപകരെ ഹെഡ് മാസ്റ്റർമാരാക്കുന്നതിനെതിരെ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഹെഡ് മാസ്റ്റർമാരുടെ അഭിരുചി പരിക്ഷ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം**

**2597 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ലഭിക്കുന്നതിന് നിലവിൽ ചട്ടപ്രകാരമുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഹെഡ്മാസ്റ്റർ സ്ഥാനക്കയറ്റത്തിന് പുതുതായി എന്തെങ്കിലും യോഗ്യതാ പരീക്ഷ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഹെഡ്മാസ്റ്റർ പദവിയുടെ കാര്യക്ഷമതയും വിദ്യാഭ്യാസത്തിന്റെ ഗുണമേൻമയും ഉറപ്പുവരുത്താൻ വർങ്ങളായി ചട്ടപ്രകാരം നിലവിലുള്ള പരീക്ഷാ യോഗ്യതകൾ ഉള്ളവരെ മാത്രം ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പ്രധാനാധ്യാപക നിയമനത്തിനുള്ള മാനദണ്ഡം</u>

**2598 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ പ്രധാനാധ്യാപക നിയമനത്തിനും സ്ഥാനക്കയറ്റത്തിനും യോഗ്യത നിർണ്ണയിക്കാൻ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നത്;

(ബി) പ്രധാനാധ്യാപക തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ, ഇവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ നിബന്ധനകൾ എയ്ഡഡ് മേഖലയിലും ബാധകമാണോ ;

(ഇ) ന്യൂനപക്ഷ പദവിയുള്ള വിദ്യാലയങ്ങളിലെ നിയമനത്തിനും ഈ നിബന്ധനകൾ ബാധകമാണോയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>നിയമനങ്ങൾക്ക് അംഗീകാരം നല്കാൻ നടപടി</u>

2599

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 201011 കാലഘട്ടത്തിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) അംഗീകാരം ലഭിക്കാത്ത നിയമനങ്ങൾക്ക് അംഗീകാരം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സെറ്റ് പരീക്ഷ**

**2600 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അദ്ധ്യാപകരാകാനുള്ള യോഗ്യതാ നിർണ്ണയ പരീക്ഷയായ സെറ്റ് പരീക്ഷയിൽ ഇക്കൊല്ലവും കൂട്ടത്തോൽവി നടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷാഫീസ് അമിതമാണെന്ന ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ ഒരു തവണ ഫീസടയ്ക്കുന്ന ഉദ്യോഗാർത്ഥിക്ക് മൂന്നുതവണയെങ്കിലും പരീക്ഷ എഴുതുവാൻ അനുവാദം നൽകുമോ?

# കേരള നിയമസഭ
# 21.06.2012 -ലെ മറുപടിക്ക്

**അദ്ധ്യാപക യോഗ്യതാ പരീക്ഷ**

**2601 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക യോഗ്യതാ പരീക്ഷ (ടി. ഇ. ടി.) നടത്തുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതിന്റെ ഘടനയും യോഗ്യതാ നിർണ്ണയമാനദണ്ഡവും വിശദീകരിക്കുമോ;

(സി) എന്നുമുതലുള്ള നിയമനങ്ങൾക്കാണ് യോഗ്യതാ നിർണ്ണയ പരീക്ഷ നിർബന്ധമാക്കിയിട്ടുള്ളത്;

(ഡി) നിലവിലുള്ള പി.എസ്.സി. അദ്ധ്യാപക നിയമന റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടവരെ ടി. ഇ. ടി. യോഗ്യതാ പരീക്ഷ പാസ്സാകുന്നതിൽ നിന്നും ഇളവ് നൽകുമോ;

(ഇ) ഒരേ റാങ്ക് ലിസ്റ്റുകളിലുള്ളവരെ വ്യത്യസ്ത മാനദണ്ഡങ്ങൾ വെച്ച് നിയമനത്തിനായി പരിഗണിക്കുന്ന സാഹചര്യം ഒഴിവാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പ്രമോഷന്‍ ലഭിക്കുന്നതിന് നല്കിയ അപേക്ഷ**

2602

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വകുപ്പില്‍ എച്ച്. എസ്. എ. ആയിരിക്കെ 2011 മാര്‍ച്ച് 12 ന് സര്‍വ്വീസില്‍ നിന്ന് വിരമിച്ച ശ്രീമതി പി. എന്‍. ചന്ദ്രിക തനിക്ക് ന്യായമായും ലഭിക്കേണ്ടുന്ന പ്രമോഷന്‍ ലഭിക്കുന്നതിനായി നല്കിയ അപേക്ഷയില്‍ സര്‍ക്കാര്‍ നമ്പര്‍ 115/ഝ$_1$/11 പൊതുവിദ്യാഭ്യാസം തീയതി 25-02-2012 പ്രകാരം അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഇക്കാര്യത്തില്‍ തുടര്‍ നടപടി സ്വീകരിക്കേണ്ടത് ആരാണെന്നും അവര്‍ക്കീകാര്യത്തില്‍ നിര്‍ദ്ദേശം നല്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) എങ്കില്‍ 4 മാസമായി സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) പ്രമോഷനും ആനുകൂല്യങ്ങളും താമസിപ്പിച്ചവര്‍ക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്**

2603 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് എല്ലാ ജില്ലകളിലും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏറ്റവും കൂടുതൽ ഹയർ സെക്കണ്ടറി സ്കൂളുകളുള്ള മലപ്പുറം ജില്ലയിലെങ്കിലും ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സംസ്ഥാന സിലബസ് വിദ്യാർത്ഥികൾ +1 അലോട്ട്മെന്റിൽ സി. ബി. എസ്. ഇ. വിദ്യാർത്ഥികളെക്കാൾ പിന്നിലായ സംഭവം**

**2604**

**ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്താം തരത്തിൽ മുഴുവൻ വിഷയത്തിലും എ പ്ലസ് നേടിയ സംസ്ഥാന സിലബസ് വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനത്തിനായി ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചപ്പോൾ ഇതേ നിലവാരത്തിലുള്ള സി. ബി. എസ്. ഇ. വിദ്യാർത്ഥികളേക്കാൾ പിറകിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കേരള സിലബസിലെയും സി. ബി. എസ്. ഇ. സിലബസിലെയും ഗ്രേഡിംഗ് എപ്രകാരമാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിലുള്ള വിവേചനപരമായ ഗ്രേഡിംഗ് അപാകത്തിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ ഏത് വിധത്തിലുള്ള നടപടിയാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിലുള്ള അശാസ്ത്രീയമായ ഗ്രേഡിംഗ് അപാകത്തിലൂടെ സംസ്ഥാന സിലബസിൽ കുട്ടികളെ പഠിപ്പിക്കാനയക്കുന്ന രക്ഷാകർത്താക്കളെ വിഷമത്തിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ സി. ബി. എസ്. ഇ.യെ പ്രോത്സാഹിപ്പിക്കുന്ന നടപടിയായി വിലയിരുത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പ്ലസ് വൺ പ്രവേശനത്തിന് തുല്യപരിഗണന**

2605 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിന് സംസ്ഥാന സിലബസിൽ പഠിച്ച കുട്ടികൾ സി. ബി. എസ്. ഇ. സിലബസിൽ പഠിച്ച കുട്ടികളെ അപേക്ഷിച്ച് പ്രവേശനത്തിൽ പിന്നിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് തുല്യ പരിഗണന ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 21.06.2012 -ലെ മറുപടിക്ക്

## ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

2606 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരുടെ അഭാവത്തിൽ കാര്യക്ഷമമായ അദ്ധ്യാപനം നടക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി താൽക്കാലിക അദ്ധ്യാപകർ പഠിപ്പിക്കുന്ന സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതുതായി കോഴ്സുകൾ അനുവദിക്കുന്നതോടൊപ്പം തന്നെ ആവശ്യമായ തസ്തികകളും അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിൽ സ്ഥിരം അദ്ധ്യാപകരില്ലാതെ ബുദ്ധിമുട്ടുന്ന എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ഈ അദ്ധ്യയനവർഷം തുടക്കം മുതൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>പ്ലസ്ടു ഇല്ലാത്ത സ്കൂളുകളിൽ കോഴ്സുകളും ബാച്ചുകളും അധികസീറ്റുകളും അനുവദിക്കുവാൻ നടപടികൾ</u>**

**2607 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ഡി.ഇ.ഒ.യുടെ പരിധിയിൽപ്പെട്ട ചേലക്കര നിയോജകമണ്ഡലത്തിലെ സർക്കാർ-എയ്ഡഡ്-അംഗീകൃത സ്കൂളുകളിൽ നിന്നും എത്ര കുട്ടികൾ 2012 മാർച്ച് മാസത്തിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ചു;

(ബി) കുട്ടികളുടെ ഉപരിപഠനത്തിനായി മണ്ഡലത്തിലെ വിവിധ ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ആകെ എത്ര സീറ്റുകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹതയോടെ വിജയിച്ച കുട്ടികൾക്ക് ആനുപാതികമായി പ്ലസ്ടു സീറ്റുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ പ്ലസ്ടു ഇല്ലാത്ത സ്കൂളുകളിൽ കോഴ്സുകൾ അനുവദിക്കുന്നതിനും പ്ലസ്ടു ഉള്ള സ്കൂളുകളിൽ അധികബാച്ചുകളും അധിക സീറ്റുകളും അനുവദിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>നടുവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂൾ</u>

2608 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഒരു കെട്ടിടം അപകടകരമാം വിധം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അടുത്ത അദ്ധ്യായന വർഷം ആരംഭത്തിലുണ്ടാവുന്ന മൺസൂൺ മഴയിൽ ഇവിടെ സുരക്ഷിതമായ പഠന സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ?

# കേരള നിയമസഭ

## 21.06.2012 -ലെ മറുപടിക്ക്

<u>പട്ടാരൃസമാജം എച്ച്.എസ്. പള്ളിപ്പുറത്തിന് പ്ലസ്ടു നുവദിക്കുന്നതിന് നടപടി</u>

2609 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും പ്രബല പിന്നോക്ക വിഭാഗമായ പന്മശാലീയ സഭയുടെ നിയന്ത്രണത്തിലുള്ള പട്ടാരൃസമാജം മാനേജ്മെന്റിന്റെ കീഴിലുള്ള ഏക വിദ്യാഭ്യാസ സ്ഥാപനമാണ് പട്ടാരൃസമാജം എച്ച്.എസ് പള്ളിപ്പുറം എന്നുള്ളകാര്യം അറിയാമോ ;

(ബി) പ്രസ്തുത സ്കൂളിൽ പ്ലസ്ടു തുടങ്ങണമെന്ന് ആവശ്യപ്പെട്ട് അരൂർ എം.എൽ.എ.യുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തൊട്ടടുത്തെങ്ങും പ്ലസ്ടു വിദ്യാലയങ്ങൾ ഇല്ലാത്തതിനാൽ ഈ സ്കൂളിന് പ്ലസ്ടു അനുവദിക്കുന്നതിനുള്ളസത്വര നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>പുതിയ ഹയർ സെക്കണ്ടറി/</u>**
**<u>വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ</u>**

**2610 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സകൂളുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

**2611** ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം വികസന പ്രക്രിയകൾ നടപ്പിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; എത്ര തുകയാണ് ഇതിന് ചെലവഴിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നത്;

(ബി) ഹയർ സെക്കണ്ടറി സ്കൂൾ തലത്തിലെ അദ്ധ്യാപനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പരിപാടികൾ സർക്കാർ നടപ്പിലാക്കിവരുന്നു; പ്രസ്തുത പരിപാടികൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നു എന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലുള്ളത്; വിശദമാക്കുമോ;

(സി) ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ; ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 21.06.2012 -ലെ മറുപടിക്ക്

## പ്രഥമ ശുശ്രൂഷ നല്‍കുന്നതിനുള്ള പരിശീലനം

2612

**ശ്രീ. കെ. കെ. ജയചന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) യഥാസമയം പ്രഥമ ശുശ്രൂഷ ലഭിക്കാത്തതിനാല്‍ മാത്രം കുട്ടികള്‍ ഉള്‍പ്പെടെയുള്ള വലിയ ഒരു വിഭാഗം ജനങ്ങള്‍ മരണത്തിന് കീഴടങ്ങുന്നു എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാഹചര്യങ്ങളില്‍ അടിയന്തിര പ്രഥമ ശുശ്രൂഷ നല്‍കുന്നതിനും മറ്റും സ്കൂളുകളില്‍ കുട്ടികള്‍ക്ക് പരിശീലനം നല്‍കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇത്തരത്തില്‍ ഒരു പരിശീലനം കുട്ടികള്‍ക്ക് ലഭിക്കുന്ന പക്ഷം അപകടത്തില്‍പ്പെടുന്നവര്‍ക്ക് അടിയന്തിര പ്രഥമ ശുശ്രൂഷ എത്തിക്കാന്‍ കുട്ടികള്‍ക്ക് സാധിക്കും എന്നതിനാല്‍ ഈ വര്‍ഷം തന്നെ ഇത് പാഠ്യപദ്ധതിയിലുള്‍പ്പെടുത്തുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**'സ്നേഹസ്പർശം പദ്ധതി' യുടെ പുരോഗതി**

2613 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഭാവനം ചെയ്ത 'സ്നേഹസ്പർശം പദ്ധതി' നടപ്പിൽ വരുത്തി തുടങ്ങിയോ; പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) കുട്ടികളിലും അതുപോലെ രക്ഷാകർത്താക്കളിലും പുതിയൊരു വിദ്യാഭ്യാസ സംസ്കാരം വളർത്തിയെടുക്കാൻ ഇത് എത്രത്തോളം പ്രയോജനപ്പെടുമെന്ന് അറിയിക്കുമോ;

(സി) സ്നേഹസ്പർശം പദ്ധതി ഇതര സംസ്ഥാനങ്ങളിലെവിടെയെങ്കിലും ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(ഡി) വളർന്നുവരുന്ന പുതുതലമുറ സന്മാർഗ്ഗത്തിലൂടെ ചരിക്കുന്നതിനും ചിന്തിക്കുന്നതിനും ഉതകുന്ന തരത്തിൽ ചിന്തോദ്ദീപകമായ കത്തുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നതിന് ജാഗ്രത പുലർത്തുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പുതിയ +2 കോഴ്സുകൾ**

**2614 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്തെ സ്കൂളുകളിൽ പുതിയ +2 കോഴ്സുകളും, അധിക ബാച്ചുകളും ഉടൻതന്നെ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കോഴ്സുകൾ**

**2615 ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ ഹയർ സെക്കണ്ടറി ബാച്ചുകളും അധിക സീറ്റുകളും അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പുതിയ ഏതെങ്കിലും കോഴ്സുകൾ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ആരംഭിക്കുന്ന കാര്യം ആലോചനയിലുണ്ടോ;

(സി) എസ്.എസ്.എൽ.സി. പാസ്സായ എത്ര കുട്ടികൾക്ക് ഈ വർഷം സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ തുടർപഠനത്തിന് സൗകര്യം ലഭിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പ്രവേശനം ലഭിക്കാത്ത കുട്ടികളുടെ തുടർ വിദ്യാഭ്യാസത്തിനു സംവിധാനം**

**2616 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എത്ര കുട്ടികളാണ് കേരളത്തിൽ ആകെ ഹയർ സെക്കണ്ടറി കോഴ്സ് പഠനത്തിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്;

(ബി) അവർക്കെല്ലാം നിലവിലുള്ള സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമായി പ്രവേശനം നൽകാൻ കഴിയുമോ;

(സി) ഇല്ലെങ്കിൽ പ്രവേശനം ലഭിക്കാത്ത കുട്ടികളുടെ തുടർവിദ്യാഭ്യാസത്തിന് വേണ്ടി എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നത്;

(ഡി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>മലപ്പുറം ജില്ലയിൽ ഹയർസെക്കന്ററിക്ക് പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നതിന് നടപടി</u>**

**2617 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് അർഹത നേടിയ കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആകെയുള്ള ഹയർസെക്കന്ററി സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏറ്റവും കൂടുതൽ കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷ പാസ്സായത് മലപ്പുറം ജില്ലയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്നാൽ ആ ജില്ലയിൽ ഹയർസെക്കന്ററിക്ക് ആവശ്യമായ സീറ്റുകൾ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പുതിയ ബാച്ചുകളും പുതിയ വിദ്യാലയങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്ക് ടീച്ചിംഗ് ഡ്യൂട്ടി ഒഴിവ്**

**2618 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തെ തുടർന്ന് നിശ്ചിത എണ്ണം വിദ്യാർത്ഥികളുള്ള എൽ.പി, യു. പി., എച്ച്.എസ്. ഹെഡ്മാസ്റ്റർമാരെ ടീച്ചിംഗ് ഡ്യൂട്ടിയിൽ നിന്നും ഇളവ് അനുവദിച്ചതുപോലെ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്കും ടീച്ചിംഗ് ഡ്യൂട്ടിയിൽ നിന്നും ഒഴിവ് അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കോളേജ് സർവ്വീസ് കമ്മീഷൻ**

2619 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യു.ആർ. അനന്തമൂർത്തി കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ലഭിച്ചത്;

(ബി) കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് കോളേജ് സർവ്വീസ് കമ്മീഷൻ രൂപീകരിക്കണമെന്ന ശുപാർശയിൻമേൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് മുമ്പായി പുതിയ കമ്മീഷന് രൂപം നൽകിയിട്ടുണ്ടോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**ഓപ്പൺ യൂണിവേഴ്സിറ്റി**

**2620** **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**
**,, കെ. അച്ചുതൻ**
**,, അൻവർ സാദത്ത്**
**,, ഐ. സി. ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>വിദേശ സർവ്വകലാശാലകളുടെ സബ് സെന്ററുകൾ</u>**

**2621 ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും വിദേശ സർവ്വകലാശാലകളുടെ സബ് സെന്ററുകൾ / ഓഫ് കാമ്പസ് സെന്ററുകൾ കേരളത്തിൽ തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്ററുകൾ എവിടെയാണ് തുടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; സെന്ററുകളുടെ പട്ടിക ലഭ്യമാക്കുമോ?

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് യു. ജി. സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>വിദേശ സര്‍വ്വകലാശാലകളുടെ</u>
<u>പ്രവര്‍ത്തനത്തിന് അനുമതി</u>

**2622**

### ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **വിദേശ സര്‍വ്വകലാശാലകളുടെ പ്രവര്‍ത്തനത്തിന് അനുമതി നല്‍കുന്നതുമായി ബന്ധപ്പെട്ട് നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ;**

(ബി) **ഏതെല്ലാം രാജ്യങ്ങളിലെ സര്‍വ്വകലാശാലകള്‍ക്കാണ് ഇപ്പോള്‍ അനുമതി നല്‍കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(സി) **പ്രസ്തുത സര്‍വ്വകലാശാലകള്‍ക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് നല്‍കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(ഡി) **പ്രസ്തുത സര്‍വ്വകലാശാലകള്‍ ഏതെല്ലാം ജില്ലകളിലാണ് സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഉന്നത വിദ്യാഭ്യാസ രംഗത്ത് ഓർഡിനൻസുകൾ**

**2623** ശ്രീ. ഇ. പി. ജയരാജൻ
,, ജി. സുധാകരൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഓർഡിനൻസുകൾ പുറപ്പെടുവിച്ചു കൊണ്ട് ജനാധിപത്യ വിരുദ്ധമായ ഇടപെടൽ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം സർവ്വകലാശാലകളുടെ ഭരണ സമിതികളെയാണ് ഓർഡിനൻസുവഴി മാറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) എന്തെല്ലാം ഉദ്ദേശ്യങ്ങളോടുകൂടിയാണ് ഓർഡിനൻസുകൾ പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതിയ ഡിഗ്രി കോഴ്സുകൾ**

**2624 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ബിരുദതലത്തിലും, ബിരുദാനന്തര തലത്തിലും ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കോളേജ് നിലവിൽ വന്ന ശേഷം വളരെ കുറച്ച് കോഴ്സുകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സയൻസ് ബ്ലോക്കിന്റെ നിർമ്മാണത്തോടെ സ്ഥലസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ സയൻസ് വിഷയങ്ങൾക്കായി കൂടുതൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കോളേജിൽ ഇസ്ലാമിക് ഹിസ്റ്ററിയിൽ ഡിഗ്രി കോഴ്സ് തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) പുതിയ കോഴ്സുകൾ തുടങ്ങുവാനുള്ള അപേക്ഷ കോളേജും യൂണിവേഴ്സിറ്റിയും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ബി. ആര്‍ക്ക് കോഴ്സിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങള്‍**

**2625**

**ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോട്ടയം പാമ്പാടിയിലെ രാജീവ് ഗാന്ധി ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ബി. ആര്‍ക്ക് വിദ്യാര്‍ത്ഥികള്‍ക്ക് പഠനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തില്‍ അപര്യാപ്തത ഉള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോഴ്സിന്റെ നടത്തിപ്പിന് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ;

(സി) പ്രസ്തുത കോഴ്സില്‍ ചേര്‍ന്ന് പഠിക്കുന്ന വിദ്യാര്‍ത്ഥികള്‍ക്ക് ഹോസ്റ്റല്‍ സൗകര്യം ഏര്‍പ്പെടുത്തുന്നതിന് ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**മലയാളം സർവ്വകലാശാല**

**2626 ശ്രീ. എം. എ. വാഹീദ്**
**,, സണ്ണി ജോസഫ്**
**,, എം. പി. വിൻസെന്റ്**
**,, പി. സി. വിഷ്ണുനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളം സർവ്വകലാശാല സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാല എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ ഇതേവരെ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>മലയാള സർവ്വകലാശാല</u>**

**2627 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലയാള സർവ്വകലാശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഇതിനായി നീക്കിവച്ച 100 ലക്ഷം രൂപയിൽ എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**എല്ലാ സര്‍ക്കാര്‍, എയ്ഡഡ് കോളേജുകളിലും ഡിഗ്രി മലയാളം കോഴ്സ് ആരംഭിക്കുന്നതിന് നടപടി**

**2628**

**ശ്രീ. പാലോട് രവി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ എത്ര ഗവണ്‍മെന്റ് കോളേജുകളാണുളളത്;

(ബി) ഇതില്‍ എത്ര കോളേജുകളില്‍ മലയാളം ബി. എ., എം. എ. കോഴ്സുകള്‍ പഠിപ്പിക്കുന്നുണ്ട്; 2012-13 വര്‍ഷത്തില്‍ എത്ര കോളേജുകളില്‍ മലയാളം ബി. എ., എം. എ. കോഴ്സുകള്‍ തുടങ്ങാന്‍ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശം നല്കുമോ;

(ബി) മലയാളം ഒന്നാം ഭാഷയാക്കുകയും ശ്രേഷ്ഠഭാഷാ പദവിക്കുവേണ്ടി കേന്ദ്ര സര്‍ക്കാരില്‍ ആവശ്യമുന്നയിക്കുകയും ചെയ്തിട്ടുളള സാഹചര്യത്തില്‍ എല്ലാ ഗവണ്‍മെന്റ് കോളേജുകളിലും മലയാളം ബി. എ. കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നല്‍കുമോ;

(സി) എങ്കില്‍ എല്ലാ എയ്ഡഡ് കോളേജുകളിലും മലയാളം ബി. എ., കോഴ്സ് ആരംഭിക്കുന്നതിന് നിര്‍ദ്ദേശം നല്‍കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സർവ്വകലാശാലകൾ പരീക്ഷകൾ**

**2629**

**ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾ പരീക്ഷകൾ യഥാസമയത്ത് നടത്താത്തത് മൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരീക്ഷകൾ യഥാസമയംതന്നെ നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ,ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവുകള്‍**

2630

**ശ്രീ. കെ. എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) യൂണിവേഴ്സിറ്റികളില്‍ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് തസ്തികളില്‍ ഒഴിവുകള്‍ നിലവിലുണ്ടോ; എങ്കില്‍ യൂണിവേഴ്സിറ്റി തിരിച്ചുളള വിശദ വിവരം നല്കാമോ;

(ബി) അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് എന്നീ വിഭാഗങ്ങള്‍ക്ക് പകരമായി യൂണിവേഴ്സിറ്റികളില്‍ ഡാറ്റാ എന്‍ട്രി ഓപ്പറേറ്റര്‍മാരെ നിയമിക്കാറുണ്ടോ;

(സി) എങ്കില്‍ ഡാറ്റാ എന്‍ട്രി ഓപ്പറേറ്റര്‍മാരുടെ നിയമന രീതി എന്താണ്;

(ഡി) കോണ്‍ട്രാക്ട് അടിസ്ഥാനത്തിലും, ദിവസവേതനാടിസ്ഥാനത്തിലും എത്രപേര്‍ ഡാറ്റാ എന്‍ട്രി ഓപ്പറേറ്റര്‍മാരായി ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ വിശദവിവരം നല്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>ഏകീകൃത പ്രവേശന പരീക്ഷ</u>**

**2631** **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏകീകൃത പ്രവേശന പരീക്ഷയോടുള്ള സർക്കാരിന്റെ സമീപനം എന്താണ് ; വ്യക്തമാക്കുമോ;

(ബി) പ്രിവിലേജ് സീറ്റുകൾ കൂടുതൽ നൽകി പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകളെ സഹായിക്കുവാനാണ് ഏകീകൃത പ്രവേശന പരീക്ഷയെ എതിർക്കുന്നതെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ വാർത്തയെക്കുറിച്ചുള്ള അഭിപ്രായം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഏകീകൃത എഞ്ചിനീയറിംഗ് പരീക്ഷയിൽ നിന്നും സംസ്ഥാനത്തെ ഒഴിവാക്കണമെന്ന ആവശ്യം**

**2632 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഏകീകൃത എഞ്ചിനീയറിംഗ് പരീക്ഷയിൽ നിന്നും കേരളത്തെ ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏകീകൃത എഞ്ചിനീയറിംഗ് പരീക്ഷയിൽ നിന്ന് കേരളത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട സാഹചര്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**എഞ്ചിനീയറിംഗിന് ദേശീയ പൊതുപരീക്ഷ**

**2633** ശ്രീ. എ.കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ.കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പ്രവേശനത്തിന് ദേശീയ തലത്തിൽ പൊതു പരീക്ഷ നടത്തുന്നതിനായി നടപടികൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം ആരായുകയുണ്ടായോ; ഇതുമായി ബന്ധപ്പെട്ട് എത്ര പ്രാവശ്യം സംസ്ഥാന മന്ത്രിമാരുടെ യോഗം കേന്ദ്രം വിളിച്ചു ചേർത്തിരുന്നുവെന്നും യോഗങ്ങളിൽ സംസ്ഥാനം സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(സി) ദേശീയ പൊതു പരീക്ഷാ നടത്തിപ്പിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തൊക്കെയായിരുന്നു; ഇതിൽ സംസ്ഥാനത്തിന് അസ്വീകാര്യമായവ ഉണ്ടായിരുന്നോ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് പൊതുസമൂഹത്തെ, പ്രത്യേകിച്ച് വിദ്യാർത്ഥികളെ ഏത് തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) സർക്കാർ നിലപാട് സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോയെന്നറിയിക്കുമോ?

# കേരള നിയമസഭ

## 21.06.2012 -ലെ മറുപടിക്ക്

**അനുമതി ലഭിച്ച സ്വാശ്രയ മെഡിക്കൽ - എഞ്ചിനീയറിംഗ് കോളേജുകൾ**

2634 **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് - മെഡിക്കൽ കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ബി) ആയതിൽ എത്രയെണ്ണം പ്രവർത്തനം തുടങ്ങിയെന്നും അവ എവിടെയെല്ലാമാണെന്നും, ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്</u>**
**<u>മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാർ</u>**

**2635** **ശ്രീ. എം. എ. ബേബി**
**,, എളമരം കരീം**
**,, എസ്. ശർമ്മ**
**,, ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി ഈ വർഷത്തെ അഡ്മിഷൻ സംബന്ധിച്ച് കരാർ ഉണ്ടാക്കിയ പ്രകാരം 50% മെരിറ്റ് അഡ്മിഷന് മാറ്റിവച്ചിട്ടുള്ള സീറ്റുകൾക്ക് എത്രയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്;**

(ബി) **കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഈ സീറ്റുകളിലെ ഫീസ് നിരക്ക് എത്ര ശതമാനം വർദ്ധിപ്പിച്ചു എന്ന് അറിയിക്കുമോ;**

(സി) **കരാർപ്രകാരം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള മൊത്തം സീറ്റുകളിൽ എത്ര സീറ്റ് സർക്കാരിന് ലഭിക്കുമെന്നും മൊത്തം സീറ്റുകൾ എത്രയെന്നും വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനായി ഉപസമിതി</u>

2636 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനായി രൂപീകരിച്ച ഉപസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 21.06.2012 -ലെ മറുപടിക്ക്

<u>**സംസ്കൃത സർവ്വകലാശാല തുറവൂർ സബ് സെന്റർ**</u>

**2637 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്കൃത സർവ്വകലാശാല തുറവൂർ സബ്സെന്ററിന് നിർമ്മിച്ച് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള കെട്ടിടത്തിന് കുത്തിയതോട് പഞ്ചായത്തിൽ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുവേണ്ടി അരൂർ എം.എൽ.എ. സമർപ്പിച്ച അപേക്ഷയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?**

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫണ്ട്</u>**

**2638 ശ്രീമതി. കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (ഐ.ഡി.എം.ഐ. ഫണ്ട്) എന്ത് തുകയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് യഥാസമയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്ത മാക്കുമോ;

(സി) പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ പോളിടെക്നിക്കുകൾ**

**2639 ശ്രീ. ജെയിംസ് മാത്യൂ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ മയ്യിൽ, പരിയാരം പഞ്ചായത്തുകളിൽ പോളിടെക്നിക്കുകൾ സ്ഥാപിക്കുന്നതിനായി നല്കിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന അനധികൃത സ്ഥാപനങ്ങൾ**

**2640** **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ പട്ടിക സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2641 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ - എയ്ഡഡ് സ്വാശ്രയ മേഖലകളിൽ കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുളള സർക്കാർ - എയ്ഡഡ് - സ്വാശ്രയ മേഖലകളിലുളള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>ചെറുവത്തൂർ പോളി ടെക്നിക്ക്</u>**

**2642**

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ജെ. റ്റി. എസ്. ക്യാമ്പസിലെ സൗകര്യം ഉപയോഗിച്ച് ഇവിടെ ഒരു പോളിടെക്നിക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>അൽഹിന്ദ് എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്</u>

2643 ശ്രീ. എ. പ്രദീപ്കുമാർ
,, പി. റ്റി. എ. റഹീം
,, റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അൽഹിന്ദ് എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് കോളേജ് തുടങ്ങാൻ കോഴിക്കോട് സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ടോ;

(ബി) അപേക്ഷ സമർപ്പിക്കാനുള്ള മാനദണ്ഡങ്ങൾ ട്രസ്റ്റ് കൃത്യമായി പാലിച്ചിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിനു വേണ്ടി അപേക്ഷ നൽകിയതാരാണ്;

(സി) പ്രസ്തുത അപേക്ഷ സർവ്വകലാശാലയിൽ ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; അപേക്ഷയോടൊപ്പം ഉണ്ടായിരുന്ന ചലാന്റെ നമ്പറും തീയതിയും അറിയിക്കുമോ;

(ഡി) സർവ്വകലാശാല വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി എന്നായിരുന്നു; പ്രസ്തുത ട്രസ്റ്റ് നിശ്ചിത തീയതിക്കു മുമ്പായി ചലാൻ രസീതിനോടൊപ്പം അപേക്ഷ സമർപ്പിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

(ഇ) സർവ്വകലാശാലയിൽ നിലവിലുള്ള സിൻഡിക്കേറ്റ് അധികാരമേറ്റ ശേഷം സ്വാശ്രയമേഖലയിൽ എത്ര സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പട്ടുവം ഐ.എച്ച്.ആർ.ഡി. കോളേജ്</u>

**2644** **ശ്രീ. റ്റി.വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പട്ടുവത്ത് ഐ.എച്ച്.ആർ.ഡി. കോളേജ് ആരംഭിച്ചത് എപ്പോഴാണ്; പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഐ.എച്ച്.ആർ.ഡി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരാത്തതിനാൽ പ്രസ്തുത കെട്ടിടം പണിക്കുള്ള ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭരണാനുമതി ലഭ്യമാക്കി കെട്ടിടം പണി എപ്പോൾ ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ മെമ്മോറിയൽ കോളേജിൽ പുതിയ കോഴ്സുകൾ**

**2645 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ മെമ്മോറിയൽ കോളേജിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജിൽ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്;

(സി) പ്രസ്തുത കോളേജിൽ പഠിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും സാധാരണ കുടുംബങ്ങളിൽപ്പെട്ടവരാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങള്‍</u>**

**2646 ശ്രീ. എ.എ. അസീസ്**
**,, കോവൂര്‍ കുഞ്ഞുമോന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം പുതുതായി എത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ അനുവദിച്ചിട്ടുണ്ട് ; അവ ഏതൊക്കെയാണ് ;

(ബി) പുതുതായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ;

(സി) നിലവില്‍ പ്രവര്‍ത്തിച്ചു കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ പ്രവർത്തനം</u>

2647 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് നല്കിവരുന്ന സംഭാവനകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ പുതിയ കണ്ടെത്തലുകൾ സംസ്ഥാനം എത്രത്തോളം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുള്ള ഫണ്ട് സ്വരൂപീക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ഡി) സി. ഡി. എസ് സ്വന്തം നിലയിൽ ഫണ്ട് സ്വരൂപീക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വനിതാ ഹോസ്റ്റലിലെ തകർന്നുവീണ ബ്ലോക്കിന്റെ പുനർനിർമ്മാണം**

**2648 ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസ്സിലെ വനിതാ ഹോസ്റ്റലിലെ തകർന്നുവീണ ബ്ലോക്കിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്ന് ഇത് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) മറ്റ് ജില്ലക്കാരായ വിദ്യാർത്ഥിനികൾക്ക് താമസിക്കുന്നതിനായി എന്തൊക്കെ പ്രത്യേക സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?